മ ത്താ . 17 : 1 – 9

**2023 ആഗസ്റ്റ് 06**

# വചനഭാഷ്യം

**ഫാ. പോൾ മോറേലി**

കർത്താവിന്റെ രൂപാന്തരീകരണം

പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരോടൊപ്പം ഒരു ഉയർന്ന മലയിലേക്ക് പോയ യേശു, അവരുടെ മുമ്പിൽ വച്ചു രൂപാന്തരപ്പെട്ടു എന്നാണ് സുവിശേഷകൻ രേഖപ്പെടുത്തുന്നത്. മത്തായി 16:28–ൽ ''മനുഷ്യപുത്രൻ തന്റെ രാജ്യത്തിൽ വരുന്നത് ദർശിക്കുന്നതുവരെ ഇവിടെ നൽക്കുന്നവരിൽ ചിലർ മരിക്കുകയില്ലെന്ന് സത്യമായി ഞാൻ നിങ്ങളോട് പറയുന്നു'' എന്നു നാം വായിക്കുന്നുണ്ട്. ഇതിന്റെ പൂർത്തീകരണമായി, മനുഷ്യപുത്രൻ തന്റെ രാജ്യത്തിൽ വരുന്നത് ദർശിക്കുന്ന ആ ''ചിലരാണ്'' ഈ മൂന്നു പേർ – പത്രോസ്, യാക്കോബ്, യോഹന്നാൻ – എന്ന് ഈ സുവിശേഷഭാഗത്തെ കാണുന്നവരുണ്ട്. മർക്കോ. 5:37, മത്താ. 26:37 എന്നീ ഭാഗങ്ങളിലും ഈ മൂന്നു പേർ മാത്രം ഈശോയോടൊപ്പം ആയിരിക്കുന്നത് നമുക്ക് കാണാം.

പുറപ്പാട് 24:9–18 ൽ അഹറോൻ, നാദാബ്, അഹിബു എന്നിവരെയും കൊണ്ട് മോശ മലയിലേക്ക് പോകുന്നുണ്ട്. മലയിൽ വച്ച് അവർ ദൈവത്തെ കാണുന്നു. പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെയും കൊണ്ടാണ് ഈശോ മലയിലേക്ക് പോകുന്നത്. അവരുടെ മുമ്പിൽ വച്ചാണ് ഈശോ രൂപാന്തരപ്പെടുന്നത്. പുറപ്പാട് 24:9–18 ഉം മത്താ. 17:1–9 ഉം തമ്മിൽ വളരെ സാമ്യം നമുക്ക് കാണാം.

രൂപാന്തരീകരണ സമയത്ത് യേശുവിന്റെ മുഖം സൂര്യനെപ്പോലെ വെട്ടിത്തിളങ്ങി (്.2). പുറപ്പാട് 34:29–35 ൽ സീനായ് മലയിലെ ദൈവിക വെളിപാടിൽ മോശയുടെ മുഖം സൂര്യനെപ്പോലെ വെട്ടിത്തിളങ്ങുന്നുണ്ട്.

രൂപാന്തരീകരണ സമയത്ത് യേശുവിന്റെ വസ്ത്രം പ്രകാശംപോലെ ധവളമായി (്.2). വെളിപാടു ഗ്രന്ഥത്തിൽ സ്വർഗീയ വ്യക്തികളെയും വസ്തുക്കളെയും വിശേഷിപ്പിക്കാൻ, വെള്ളവസ്ത്രം എന്ന സംജ്ഞ ഉപയോഗിക്കുന്നുണ്ട്. സാത്താന്റെ മേൽ വിജയം വരിച്ചവരാണ് വെള്ളവസ്ത്രം ധരിക്കുക. ഈശോ സാത്താന്റെ മേൽ വിജയം വരിച്ചവനാണല്ലോ. കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ വസ്ത്രങ്ങൾ വെടിപ്പാക്കിയവരാണ് വിശുദ്ധർ.

രൂപാന്തരീകരണ സമയത്തുള്ള മോശയുടെയും ഏലിയായുടെയും സാന്നിദ്ധ്യം (്.3) നിയമത്തെയും പ്രവാചകന്മാരെയും പ്രതിനിധാനം ചെയ്യുന്നു. മോശ നിയമത്തെയും ഏലിയാ പ്രവാചകന്മാരെയും. പഴയ നിയമത്തിലെ ഗ്രന്ഥങ്ങൾ മുഴുവൻ ഉൾക്കൊള്ളുന്ന പദമാണ് ''നിയമവും പ്രവാചകന്മാരും'' നിയമത്തെയും പ്രവാചകന്മാരെയും പൂർത്തീകരിക്കാൻ വന്ന ഈശോ (മത്താ. 5:17), അവരുമായി സംസാരിക്കുന്നു. സ്വർഗത്തിലേക്ക് എടുക്കപ്പെട്ടവരാണ് മോശയും ഏലിയായും. ഈശോയുടെ രണ്ടാമത്തെ ആഗമനത്തിൽ മോശയും ഏലിയായും അകമ്പടി സേവകരായിരിക്കും എന്ന് പരക്കെ വിശ്വാസമുണ്ട്. വരാനിരിക്കുന്ന മിശിഹായ്ക്ക് മുന്നോടിയായി ഏലിയാ വരുമെന്നും വിശ്വസിക്കുന്നവരുണ്ട്.

യേശുവിനോട് സംസാരിക്കുന്ന മോശയും ഏലിയായും ഇനി അപ്രത്യക്ഷരാകില്ല എന്ന ധാരണയിലാണ്, പത്രോസ് മൂന്നു കൂടാരങ്ങളെക്കുറിച്ച് സൂചിപ്പിക്കുന്നത്. ലഭ്യമായ ദൈവികാനുഭവം നഷ്ടമാകരുതേ എന്നാണ് പത്രോസിന്റെ ആഗ്രഹം.

പുറപ്പാട് 34:35 ൽ മോശ മുഖം മറച്ചതുപോലെ ഇവിടെ വാക്യം 5–ൽ ശോഭയേറിയ ഒരു മേഘം വന്ന് അവരെ ആവരണം ചെയ്യുന്നുണ്ട്. മനുഷ്യരുടെ സാന്നിദ്ധ്യത്തിൽ നിന്ന് മേഘമാണ് ദൈവത്തെ മറച്ചുപിടിക്കുന്നത്. ദൈവം മേഘത്തിൽ വസിക്കുന്നു (പുറ. 30:35; 2 മക്ക. 2:28) എന്ന വിശ്വാസവുമുണ്ട്. ''ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു'' – ഇവന്റെ വാക്ക് ശ്രവിക്കുവിൻ'' എന്ന സ്വരവും മേഘത്തിൽ നിന്നുണ്ടായി. മോശയ്ക്ക് നിയമം പറഞ്ഞുകൊടുക്കുവാൻ ദൈവം ഇറങ്ങി വന്നതും മേഘത്തിലാണ് (പുറ. 19:19; 24:15–16).

ഈ സ്വരം കേട്ട് ശിഷ്യന്മാർ മൂന്നു പേരും ഭയവിഹ്വലരാകുന്നു (്.6). ദാനിയേൽ 10–ൽ ദാനിയേൽ തനിക്ക് കിട്ടിയ ദർശനത്തെപ്പറ്റി ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ മിന്നൽപോലെ ജ്വലിക്കുന്ന ഒരു മനുഷ്യനെ കാണുകയും, അയാളുടെ സ്വരം കേട്ട് ദാനിയേൽ ബോധരഹിതനാകുകയും ചെയ്യുന്നുണ്ട്. ഒരു കരം ദാനിയേലിനെ സ്പർശിച്ചുകൊണ്ട് ''ഭയപ്പെടേണ്ട'' എന്നു പറയുന്നുണ്ട്. മേഘത്തിൽ നിന്ന് സ്വരം

കേട്ട് ഭയവിഹ്വലരായി കമിഴ്ന്നു വീണ ശിഷ്യന്മാരെ സമീപിച്ച് അവരെ സ്പർശിച്ചുകൊണ്ട് യേശു പറയുന്നു, 'ഭയപ്പെടേണ്ട'' (.7).

രൂപാന്തരീകരണ ദർശനം കഴിഞ്ഞ് മലയിറങ്ങുമ്പോൾ ഈ മൂന്നു പേരോടുമായി യേശു പറഞ്ഞു: ''മനുഷ്യപുത്രൻ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെടുന്നതുവരെ നിങ്ങൾ ഈ ദർശനത്തെപ്പറ്റി ആരോടും പറയരുത്'' (.9). യേശുവിന്റെ മരണത്തോടും ഉയിർപ്പിനോടും ബന്ധപ്പെടുത്തി മാത്രമേ തന്റെ രൂപാന്തരീകരണത്തെ മനസ്സിലാക്കാനാവൂ എന്നാണ് യേശു പറഞ്ഞതിന്റെ സാരം. മഹത്വത്തിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് മനുഷ്യപുത്രനും പീഢകളേൽ ക്കാൻ പോകുന്നു (മത്താ. 17:12) എന്ന് ഈശോ വ്യക്തമാക്കുന്നുണ്ട്.

ഈശോയുടെ രൂപാന്തരീകരണത്തെക്കുറിച്ച് തോമസ് അക്വിനാസ് പറയുന്നു: ''It was fitting for Christ to be manifested in His glory to His select Apostles, because those who walk an ardous path need a clear sense of the goal of their journey. The ardous path that speaks of is this life, with all of its attendant sufferings, failures, set backs, disappointments, anxities, and injustices. Beset by all of this negativity, a pilgrim on life's way can easily succumb to despair unless he is granted a glimpse of the glory that comes at the end of his striving. And this is why Jesus, while on His way to the cross, for a brief moment allows the light to shine through Him... Though we live and move within the confines of this world of space and time, we are not meant, finally, for this dimensional systems, we are summoned to life on high with God, in a transformed state of existence. The Transfiguration therefore awakens our sense of wonder and steals our courage to face the darkness here below." (The Word on Fire Bible). F